LIBRARY ARCHIVES Kerala Legislative Assembly

2012-13 സാമ്പത്തിക വർഷം നടപ്പിലാക്കാത്ത പദ്ധതി

സംയോജിത കടൽ സുരക്ഷാ പദ്ധതി

2013-14 സാമ്പത്തിക വർഷം നടപ്പിലാക്കാത്ത പദ്ധതികൾ

(എ) മറൈൻ ആംബുലൻസ് പദ്ധതി

(ബി) ഐസ് & ഫ്രീസിംഗ് പ്ലാന്റ് പദ്ധതി

2014-15 സാമ്പത്തിക വർഷം നടപ്പിലാക്കാത്ത പദ്ധതി

വിഴിഞ്ഞം, പുല്ലുവിള മാതൃകാ മത്സ്യഗ്രാമ പദ്ധതി

(സി)

വർഷം	ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	ചെലവഴിക്കാത്ത തുക (ലക്ഷത്തിൽ)
2011-12	19981.33	18891.25	1090.08
2012-13	27361	23030.416	4330.584
2013-14	29903.74	24269.57	5634.17
2014-15	36728.4	25215.1	11513.3

(ഡി) വിവിധ തരത്തിലുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

തങ്കശ്ശേരിയിൽ മണ്ണെണ്ണ ബങ്ക്

204 (212) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം തങ്കശ്ശേരിയിൽ മണ്ണെണ്ണ ബങ്ക് സ്ഥാപിക്കുന്നതിന് നാളിതുവരെ ഫിഷറീസ് വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ബി) ബങ്ക് സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും എൻ.ഒ.സി. ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(സി) ബങ്ക് എന്നത്തേയ്ക്ക് സ്ഥാപിക്കാനാകും എന്നറിയിക്കാമോ ?

ഉത്തരം

(എ) മത്സ്യഫെഡ് വഴിയാണ് ടി പദ്ധതി നടപ്പാക്കുന്നത്. കൊല്ലം തങ്കശ്ശേരിയിൽ മണ്ണെണ്ണ ബങ്ക് സ്ഥാപിക്കുന്നതിനുള്ള സ്ഥലം ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിൽനിന്നും മത്സ്യഫെഡിന് കൈമാറ്റം ചെയ്തിട്ടുണ്ട്. അതനുസരിച്ച് ബങ്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ എൻ.ഒ.സി. ലഭ്യമാക്കുന്നതിന് വിവിധ വകുപ്പുകളായ റവന്യൂ, ഫയർഫോഴ്സ്, പൊതുമരാമത്ത് വകുപ്പ്, പോലീസ് എന്നിവിടങ്ങളിൽ അപേക്ഷ നൽകിയിരുന്നു. എന്നാൽ നിർദ്ദിഷ്ട സ്ഥലത്തിന് ഫയർഫോഴ്സ് ഡിപ്പാർട്ടുമെന്റ് സാങ്കേതികമായ തടസ്സം അറിയിച്ചതിനാൽ അടുത്തുള്ള മറ്റൊരു സ്ഥലം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അനുവദിച്ച് നൽകിയിട്ടുണ്ട്. അതനുസരിച്ച് നിർമ്മാണ പ്രവർത്തനത്തിന് ആവശ്യമായ എൻ.ഒ.സി. ലഭ്യമാക്കുന്നതിന് വീണ്ടും ബന്ധപ്പെട്ട വകുപ്പുകളിൽ അപേക്ഷ നൽകുകയും അവ ഉടൻ ലഭ്യമാക്കുന്നതുമാണെന്നും, എൻ.ഒ.സി., പ്രാഥമിക എക്സ്പ്ലോസീവ് ലൈസൻസ് എന്നിവ ലഭ്യമാകുന്നതനുസരിച്ച് ഉടൻ M/s. IOCL ബങ്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ബി) മണ്ണെണ്ണ ബങ്ക് സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള എൻ.ഒ.സി. ലഭിക്കുന്നതിനു വേണ്ടി റവന്യൂ, ഫയർഫോഴ്സ്, പൊതുമരാമത്ത് വകുപ്പ്, പോലീസ് എന്നിവിടങ്ങളിൽ അപേക്ഷ നൽകിയതനുസരിച്ച് പരിശോധന പൂർത്തിയായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കൊല്ലം അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിൽനിന്നും എൻ.ഒ.സി. ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) എൻ.ഒ.സി. ലഭിച്ച് നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കാനായി രണ്ട് മാസത്തോളം വേണ്ടി വരും. ഫെബ്രുവരി 2016-ൽ ബങ്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പൊതുജലാശയങ്ങൾ പാട്ടത്തിന് നൽകുന്നതുമായി ബന്ധപ്പെട്ട കമ്മിറ്റി

205 (213) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുജലാശയങ്ങൾ പാട്ടത്തിന് നൽകുന്നതുമായി ബന്ധപ്പെട്ട് ലീസിംഗ് പോളിസി നിശ്ചയിക്കുന്നതിനുവേണ്ടി ഡോ. എം.എൻ. കട്ടി ചെയർമാനായി രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly